പിതാവിനെ അടിച്ചുകൊന്ന കേസ്: മകൻ കുറ്റക്കാരൻ, വിധി ഇന്ന്

തിരുവനന്തപുരം: വെള്ളനാട് പിതാവിനെ സ്റ്റീൽ പൈപ്പ് കൊണ്ട് തലയ്ക്കടിച്ചും ചവിട്ടിയും കൊലപ്പെടുത്തിയ കേസിൽ മകൻ കുറ്റക്കാരനാണെന്നു കോടതി കണ്ടെത്തി. വെള്ളനാട് കുളക്കോട് കിഴക്കുംകര പുത്തൻവീട്ടിൽ സജീവിനെയാണ് (38) തിരുവനന്തപുരം ഒന്നാം അഡീഷണൽ സെഷൻസ് ജഡ്ജ് കെ.പി. അനിൽകുമാർ കുറ്റക്കാരനായി വിധിച്ചത്. ശിക്ഷ ഇന്നു പ്രഖ്യാപിക്കും. കുളക്കോട് കിഴക്കുംകര പുത്തൻവീട്ടിൽ കൊച്ചപ്പിയുടെ മകൻ സദാശിവനാണ് (67) കൊല്ലപ്പെട്ടത്.

ആദ്യഭാര്യയെയും മക്കളെയും ഉപേക്ഷിച്ച പ്രതി, രണ്ടു മക്കളുള്ള മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ച് തറവാട്ടു വീട്ടിൽ താമസിപ്പിച്ചിരുന്നു. ഇതിനെ സദാശിവൻ ചോദ്യം ചെയ്തതിലുള്ള വിരോധമാണ് കൊലപാതകത്തിൽ കലാശിച്ചത്. 2019 ഫെബ്രുവരി ഒമ്പതിന് ഉച്ചയ്ക്ക് രണ്ടരയോടെ വീട്ടിൽ പ്രതി സദാശിവന്റെ തലയ്ക്ക് സ്റ്റീൽ പൈപ്പ് കൊണ്ട് അടിച്ചു താഴെയിടുകയും നെഞ്ചിൽ ശക്തമായി ചവിട്ടുകയും മർദിക്കുകയും ചെയ്യുകയായിരുന്നു. തുടർന്നു ഗുരുതരമായി പരിക്കേറ്റ ഇദ്ദേഹത്തിന് കൃത്യമായ ചികിത്സ നൽകാതെ ഒതുക്കിത്തീർക്കാൻ ശ്രമിച്ച പ്രതി, പേരിനു ചില ആശുപത്രികളിൽ എത്തിച്ച ശേഷം തിരികെ വീട്ടിൽ കൊണ്ടുവന്ന് മരണം ഉറപ്പാക്കുകയായിരുന്നുവെന്ന് പ്രോസിക്യൂഷൻ ബോധിപ്പിച്ചു. പിറ്റേദിവസം ഉച്ചയോടെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും സദാശിവൻ മരിച്ചിരുന്നു. തലയ്ക്കും നെഞ്ചിനുമേറ്റ ആഴത്തിലുള്ള മുറിവുകളാണ് മരണകാരണം.

കിണറിനായി എടുത്ത കുഴിയിൽ വീണാണ് സദാശിവന് പരിക്കേറ്റതെന്ന് നാട്ടുകാരെയും പൊലിസിനെയും വിശ്വസിപ്പിക്കാൻ പ്രതിയും രണ്ടാം ഭാര്യയും ചേർന്നു ശ്രമിച്ചിരുന്നു. ഈ വാദം സ്ഥാപിച്ചെടുക്കുന്നതിനായി ആശുപത്രിയിലേക്കു കൊണ്ടുപോകുന്ന വഴി സദാശിവന്റെ തലയിൽ തോട്ടിൽനിന്ന് വെള്ളമെടുത്ത് ഒഴിക്കുകയും ചെയ്തു. എന്നാൽ ക്രൂരമായ മർദ്ദനമേറ്റാണ് മരണം സംഭവിച്ചതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലൂടെയും ശാസ്ത്രീയ തെളിവുകളിലൂടെയും തെളിയിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞു.

പ്രതിയുടെ അമ്മ, അടുത്ത ബന്ധുവായ അയൽവാസി, രണ്ടാം ഭാര്യ തുടങ്ങിയ പ്രധാന സാക്ഷികൾ വിചാരണവേളയിൽ കൂറുമാറിയെങ്കിലും സംഭവം നേരിൽ കണ്ട പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ നിർണായക മൊഴിയാണ് കേസിൽ വഴിത്തിരിവായത്. പ്രോസിക്യൂഷനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ഡി.ജി. റെക്സ് കോടതിയിൽ ഹാജരായി.

സംസ്ഥാന തലത്തിൽ പ്രവർത്തന മികവിന് കേരള കൗൺസിൽ ഓഫ് ചർച്ചസ് മികച്ച ജില്ലയായി തെരഞ്ഞെടുത്ത തിരുവനന്തപുരം ജില്ലയിലെ ഭാരവാഹികൾ കെസിസി മുൻ പ്രസിഡന്റ് ഡോ.അലക്സിയോസ് മാർ യൗസേബിയോസിൽ നിന്നും പുരസ്കാരം സ്വീകരിക്കുന്നു.

കെസിസി: മികച്ച ജില്ലയ്ക്കുള്ള പുരസ്കാരം തിരുവനന്തപുരത്തിന്

തിരുവനന്തപുരം: പ്രവർത്തന മികവിന് കേരള കൗൺസിൽ ഓഫ് ചർച്ചസ് നൽകുന്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ജില്ലയ്ക്കുള്ള പുരസ്കാരം തിരുവനന്തപുരത്തിനു ലഭിച്ചു. മികച്ച അസംബ്ലിയായി വട്ടിയൂർക്കാവും തെരഞ്ഞെടുക്കപ്പെട്ടു. ശാസ്താംകോട്ടയിൽ നടന്ന കെസിസി ത്രൈവാർഷിക അസംബ്ലിയുടെ സമാപന യോഗത്തിൽ കെസിസി മുൻ പ്രസിഡന്റ് ഡോ. അലക്സിയോസ് മാർ യൗസേബിയോസ് പുരസ്കാരങ്ങൾ സമ്മാനിച്ചു.

കെസിസി സീനിയർ വൈസ് പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം, സി എസ് ഐ കൊല്ലം കൊട്ടാരക്കര മഹായിടവക ബിഷപ്പ് ജോസ് ജോർജ്,ബിഷപ്പ് ഡോ. മാത്യൂസ് മാർ സിൽവാനിയോസ്, ബിഷപ് ഓസ്റ്റിൻ എം.എ പോൾ, ബിഷപ്പ് ജെ. സുന്ദർ സിങ് , സാൽവേഷൻ ആർമി പേഴ്സണൽ സെക്രട്ടറി ലെഫ് കേണൽ ജസ്റ്റിൻ രാജ് , കെസിസി ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി തോമസ് , അസോസിയേറ്റ് സെക്രട്ടറി റവ.എ. ആർ. നോബിൾ, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് റവ ടി. ദേവപ്രസാദ്, സെക്രട്ടറി റവ. എൽ.ടി. പവിത്ര സിങ്, ജില്ലാ ഭാരവാഹികളായ ടി.ജെ മാത്യു മാരാമൺ, ജെ. വിജയരാജ്, പുഷ്പലത നെൽസൺ, അശ്വിൻ ഇ ഹാംലെറ്റ്, വിനീത ജോർജ്, ജെ വി. സന്തോഷ് , ഷെവലിയർ ഡോ. കോശി എം. ജോർജ് , മേജർ ടി.ഇ. സ്റ്റീഫൻസൺ, കെ.ഷിബു, റവ. ടി.ആർ സത്യരാജ്, റവ.ഡബ്ല്യു. ലിവിംഗ്സ്റ്റൺ എന്നിവർ പ്രസംഗിച്ചു.

ടി.ജെ.ചന്ദ്രചൂഡൻ പുരസ്കാര സമർപ്പണം ഇന്ന്

തിരുവനന്തപുരം: ആർഎസ്പി മുൻ ദേശീയ ജനറൽ സെക്രട്ടറി പ്രഫ. ടി.ജെ. ചന്ദ്രചൂഡന്റെ നാലാം ചരമ വാർഷിക ദിനമായ ഇന്നു രാവിലെ 11ന് അനുസ്മരണ സമ്മേളനവും പുരസ്കാര സമർപ്പണവും നടക്കും. തിരുവനന്തപുരം പ്രസ് ക്ലബിൽ നടക്കുന്ന അനുസ്മരണ സമ്മേളനം മന്ത്രി ഷിബു ബേബിജോൺ ഉദ്ഘാടനം ചെയ്യും. പ്രശസ്ത പത്രപ്രവർത്തകൻ ആർ. രാജഗോപാലിന് പുരസ്കാരം സമർപ്പിക്കും. എൻ.കെ പ്രേമചന്ദ്രൻ എംപി അധ്യക്ഷത വഹിക്കും.

ഭാരവാഹികളെ തെരഞ്ഞെടുത്തു

നെടുമങ്ങാട് : കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ (കെഎസ്എസ്പി.എ) 42-ാം നെടുമങ്ങാട് മണ്ഡലം സമ്മേളനം ജില്ലാ കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറി നെട്ടറച്ചിറ ജയൻ ഉദ്ഘാടനം ചെയ്തു.

നെടുമങ്ങാട് നിയോജക മണ്ഡലം പ്രസിഡന്റ് ശക്തിധരൻ നായർ, സെക്രട്ടറി വെമ്പായം ശശിധരൻ, സംസ്ഥാന കമ്മിറ്റി അംഗവും രക്ഷാധികാരിയുമായ സൈറസ് എന്നിവർ സംസാരിച്ചു.പുതിയ ഭാരവാഹികളായി പി.എം.മെഹബൂബ് -പ്രസിഡന്റ്, പാറയിൽ സജ്ജാദ്-ജനറൽ സെക്രട്ടറി, പ്രസന്നകുമാരാൻ നായർ-ട്രഷറർ എന്നിവരെ തിരഞ്ഞെടുത്തു.

ലോഗോ പ്രകാശനം

നെടുമങ്ങാട്: നെടുമങ്ങാട് ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ പ്രകാശനം ആനാട് പഞ്ചായത്ത് പ്രസിഡന്റ് ഐ.പ്രീജകുമാരി നിർവഹിച്ചു. നവംബർ 9 മുതൽ 13 വരെ ആനാട് ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂളിലാണ് കലോത്സവം നടക്കുന്നത്.

സ്വാഗതസംഘം അവലോകന യോഗത്തിൽ എസ്എൻവിഎച്ച്എസ്എസ് അധ്യാപക-രക്ഷാകർതൃ സമിതി പ്രസിഡന്റ് എസ്.ഐ. സുനിൽ അധ്യക്ഷത വഹിച്ചു.

നെടുമങ്ങാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ ബിനു മാധവൻ, പഞ്ചായത്ത് മെമ്പർ ചുള്ളിമാനൂർ അക്ബർഷാ, പദ്മകുമാർ, ശ്രീകുമാർ വേങ്കവിള,മന്നൂർക്കോണം രതീഷ്, ദീപ്തി, മുഹമ്മദ് സിദ്ദീഖ് മന്നാനി എന്നിവർ പ്രസംഗിച്ചു.

കവടിയാർ ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂളിൽ സംഘടിപ്പിച്ച ശാസ്ത്രമേളയായ സൈനോവ 2026 ഡോ. ബൈജു ഗംഗാധരൻ ഉദ്ഘാടനം ചെയ്യുന്നു.

ശാസ്ത്രകൗതുകം പകർന്ന് സൈനോവ 2026

തിരുവനന്തപുരം: കവടിയാർ ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂളിൽ 29,30 ദിവസങ്ങളിലായി സംഘടിപ്പിച്ച 21-ാമത് ശാസ്ത്രമേളയായ സൈനോവ' 2026' സമാപിച്ചു. ഡോ. ബൈജു ഗംഗാധരൻ മേള ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ ഫാ. സിറിയക്ക് കാനായിൽ സിഎംഐ അധ്യക്ഷത വഹിച്ചു.കുമാരി അക്ഷയ എ .മനു സ്വാഗത പ്രസംഗം നിർവഹിച്ചു. കെ ജി,എൽ പി, യു പി, എച്ച് എസ്, എച്ച് എസ് എസ് വിഭാഗങ്ങളിൽ നിന്നും രണ്ടായിരത്തിലധികം വിദ്യാർത്ഥികളാണ് ഈ മെഗാമേളയിൽ പങ്കെടുത്തത്. മാസ്റ്റർ ഭവിൻ കൃഷ്ണ എസ്(ഹെഡ് ബോയ്) നന്ദി പ്രകാശിപ്പിച്ചു. വൈസ് പ്രിൻസിപ്പൽ ജയ ജേക്കബ് കോശി, ശാസ്ത്രമേളയുടെ കൺവീനർമാരായ അപർണ വി.നായർ, മിലൻ ബാബു,ആര്യ ആർ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

രമ്യ ഹരിദാസിനു അജ്ഞാതന്റെ ഭീഷണി

തിരുവനന്തപുരം : ചിറയിൻകീഴ് എം എൽ എ രമ്യ ഹരിദാസിനു ടെലിഫോണിലൂടെ അജ്ഞാതന്റെ ഭീഷണി. എം എൽ എ യുടെ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പൊലിസ് കേസെടുത്തു. കഴിഞ്ഞ ദിവസം എംഎൽഎ ഹോസ്റ്റലിലെ ലാൻഡ് ഫോണിൽ വിളിച്ചാണ് അജ്ഞാതൻ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതെന്നാണ് പരാതി. നിയമസഭ സമ്മേളനം നടക്കുന്ന സമയമായതിനാൽ എം എൽ എ ഹോസ്റ്റലിൽ ഉണ്ടായിരുന്നു.

യുവതിയെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിൽ



വിജയൻ

മലയിൻകീഴ്: യുവതിയെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിൽ. വിജയൻ (50) എന്നയാളാണ് അറസ്റ്റിലായത്. കഴിഞ്ഞ 28 നാണ് നടുറോഡിൽ വച്ച് വിജയൻ യുവതിയെ വെട്ടിയത്. യുവതി ഒരു കടയിൽ ഓടിക്കയറിയതിനെ തുടർന്നാണ് ജീവൻ രക്ഷപ്പെട്ടത്. തുടർന്ന് പ്രതി ഒളിവിൽ പോയി. കാട്ടാക്കട ഡിവൈഎസ്പി ബിനുവിന്റെ നിർദേശപ്രകാരം മലയിൻകീഴ് സർക്കിൾ ഇൻസ്പക്ടർ ഉമേഷിന്റെ നേതൃത്വത്തിൽ മലയിൻകീഴ് സബ് ഇൻസ്പെക്ടറും മറ്റ് പൊലിസ് ഉദ്യോഗസ്ഥരും ചേർന്ന് നടത്തിവന്ന അന്വേഷണത്തിൽ തിരുവല്ലം പാച്ചല്ലൂർ ക്ഷേത്രത്തിന് സമീപം പ്രതിയെ പിടികൂടുകയായിരുന്നു. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെ മോഷണം: പ്രതി പിടിയിൽ

ഷെയ്ഖ് മുഹമ്മദ്

തിരുവനന്തപുരം: തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ രണ്ടു മോഷണക്കേസുകളിലെ പ്രതിയായ കാസർഗോഡ് ഉപ്പള സ്വദേശി ഷെയ്ഖ് മുഹമ്മദ് (42) പിടിയിലായി. റെയിൽവേ സ്റ്റേഷനിലെ കരാർ ജീവനക്കാരിയുടെ ബാഗ് മോഷ്ടിച്ച കേസിലാണ് ഇയാളെ ആദ്യം തിരിച്ചറിഞ്ഞത്.

ബാഗിൽ 13,000 വിലവരുന്ന മൊബൈൽ ഫോൺ 6,500 രൂപ, മൂന്ന് എടിഎം കാർഡുകൾ, ആധാർ കാർഡ് എന്നിവയുണ്ടായിരുന്നു. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചും രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിലും നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ കണ്ടെത്തിയത്.

മോഷ്ടിച്ച മൊബൈൽ ഫോൺ തിരുവനന്തപുരം ഇഞ്ചയ്ക്കലിലെ അടച്ചിട്ട ലോട്ടറിക്കടയിൽ നിന്നു കണ്ടെത്തിയിരുന്നു. അന്വേഷണത്തിൽ കഴിഞ്ഞ 27ന് രാത്രി തിരുവനന്തപുരം നഗരത്തിലെ ബാറിന് സമീപത്തുനിന്ന് പ്രതിയെ പിടികൂടുകയായിരുന്നു. തുടർന്നു നടത്തിയ അന്വേഷണത്തിൽ റെയിൽവേ സ്റ്റേഷനിലെ വെയിറ്റിംഗ് ഹാളിൽ നിന്ന് വനിതയുടെ ബാഗും മൊബൈൽ ഫോണും പണവും തിരിച്ചറിയൽ രേഖകളും മോഷ്ടിച്ച മറ്റൊരു കേസിലും ഇയാൾക്ക് പങ്കുള്ളതായി കണ്ടെത്തി.

ആർപിഎഫ് സീനിയർ ഡിവിഷണൽ സെക്യൂരിറ്റി കമ്മിഷണർ മുഹമ്മദ് ഹനീഫിന്റെയും റെയിൽവേ പൊലിസ് എസ്.പി. കൃഷ്ണകുമാറിന്റെയും നിർദേശാനുസരണമാണ് അന്വേഷണം നടത്തിയത്. ആർപിഎഫ് ഇൻസ്പെക്ടർ ബി.എൽ. ബിനുകുമാർ, റെയിൽവേ പൊലിസ് ഇൻസ്പെക്ടർ സജി, എസ്ഐമാരായ ബാലു, അനൂപ്, ജോജി ജോസഫ്, ലെനിൻ തുടങ്ങിയവർ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

നെടുമങ്ങാട് ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ പ്രകാശനം ആനാട് പഞ്ചായത്ത് പ്രസിഡന്റ് ഐ.പ്രീജകുമാരി നിർവഹിക്കുന്നു

ആദിവാസി നവജാത ശിശുമരണം അന്വേഷിക്കണമെന്ന്

തിരുവനന്തപുരം: പാലക്കാട് അഗളി അട്ടപ്പാടിയിൽ നവജാത ശിശുമരണവും ആദിവാസി യുവതി യുവാക്കളെ മർദ്ദിച്ചവശരാക്കുന്ന പ്രവണതകളെക്കുറിച്ചും ഉന്നതതല അന്വേഷണം നടത്തണമെന്ന് ആദിവാസി ഏകോപനസമിതി സംസ്ഥാന ചെയർമാൻ കള്ളിക്കാട് പി. സദാശിവൻ കാണി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ആദിവാസികളുടെ ക്ഷേമത്തിന് വേണ്ടി തയാറാക്കിയ മാസ്റ്റർ പ്ലാനുകളെല്ലാം സംഘടിത ശക്തികൾക്ക് മുന്നിൽ സർക്കാർ അടിയറവ് വച്ചുവെന്നും കള്ളിക്കാട് സദാശിവൻ കാണി, എംഎം കുഞ്ഞമ്പു, കുമാർ, ചെമ്പൻകോട് മണികണ്ഠൻ, പ്രഭാകരൻ എന്നിവർ വാർത്താസമ്മേളനത്തിൽ ആരോപിച്ചു. അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

അദാനി പോർട്ടിലേക്ക് സമരം നടത്തുമെന്ന് തീരദേശ മഹിളാ വേദി

തിരുവനന്തപുരം: മത്സ്യ വിപണനം നടത്തുന്നതിനും തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവകാശങ്ങൾ നഷ്ടപ്പെടുത്തുന്ന അദാനി പോർട്ടിനെതിരെ മത്സ്യത്തൊഴിലാളി വനിതകൾ പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ട് പോകുമെന്ന് തീരദേശ മഹിളാ വേദി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കരിങ്കുളം, കോട്ടുകാൽ പഞ്ചായത്തുകളിൽ മത്സ്യവ്യാപാരവും വിപണനവും നടത്തുന്നതിനെതിരായ പ്രവർത്തനങ്ങൾ നടത്തുന്ന അദാനി പോർട്ടിനെതിരെ അവരുടെ ഓഫീസിലേക്ക് മാർച്ച് നടത്തുമെന്ന് തീരദേശ മഹിളാ വേദി ഭാരവാഹികളായ സിസ്റ്റർ മേഴ്സി മാത്യു, മേബിൾ റൈമണ്ട്. കാർമൽ ബെനഡിക്ട്, വിമലാദാസ്, ബേബി മേഴ്സി, അനിതാ ജോയി, മേബിൾ നസിയാൻസ്, ലൈല അലിയാർകുഞ്ഞ്, ഫെൻസിറ്റ സജു എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ലോക മത്സ്യത്തൊഴിലാളി വനിതാ ദിനമായ നവംബർ അഞ്ചിന് വൈകുന്നേരം മൂന്ന് മണിക്ക് അദാനി പോർട്ടിലേക്ക് മാർച്ച് നടത്തുമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

അദാനി പോർട്ടിന്റെ നിർമ്മാണം നിർത്തിവയ്ക്കുക, മത്സ്യത്തൊഴിലാളികളുമായും ടൂറിസം മേഖലകളിലുള്ളവരുമായി ചർച്ച നടത്തുക തൊഴിൽ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികളികൾക്കും മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുംനഷ്ടപരിഹാരം നൽകുക, മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുക എന്നീ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അടിമലത്തുറ ഭാഗത്ത് നിന്നും കടൽ മാർഗം നീന്തിയാണ് അദാനി പോർട്ടിലേക്ക് മാർച്ച് നടത്തുന്നതെന്ന് മഹിളാ വേദി ഭാരവാഹികൾ വ്യക്തമാക്കി.

കാബേജ്, കോളിഫ്ളവർ വിതരണം

നെടുമങ്ങാട്: ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അരുവിക്കര ഗ്രാമപഞ്ചായത്ത് കൃഷിഭവൻ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം കാബേജ്, കോളിഫ്ളവർ എന്നിവയുടെ വിതരണോത്ഘാടനം പഞ്ചായത്ത് വൈസ്പ്രസിഡന്റ് അരുവിക്കര വിജയൻ നായർ നിർവഹിച്ചു. പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ സിമി രാജീവിന്റെ അധ്യക്ഷതയിൽ വഹിച്ചു. പരിപാടിയിൽ പഞ്ചായത്തിലെ കർഷകർ കൃഷിഭവൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

തീരത്ത് 'സൈനിക നടപടി'

വിസ്മയമായി 'ഓസ്ട്രഹിന്ദിന്റെ' മോക് ഡ്രിൽ

വിഴിഞ്ഞം : കടൽ വഴിയും കരവഴിയും ആകാശ മാർഗേണയും ആക്രമണം. നാടിനെ നശിപ്പിക്കാൻ തയ്യാറെടുത്ത് ഒളിച്ചിരുന്ന ഭീകര വാദികളെ ഇന്ത്യൻ സൈന്യം 'വെടിവച്ച് വീഴ്ത്തി', പൊതുജനം കാഴ്ച ക്കാരായി നിന്നു- ഇന്ത്യ-ഓസ്ട്രേലിയ സംയുക്ത സൈനികാഭ്യാസമായ 'ഓസ്ട്രഹിന്ദിന്റെ' ഭാഗമായി അടിമലത്തുറയിലും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ളിലും നടത്തിയ പ്രതീകാത്മക ഭീകരവേട്ടയാണ് തീരദേശവാസികൾക്ക് വേറിട്ട അനുഭവം നൽകിയത്.

ആകാശത്ത് വട്ടമിട്ട് പറക്കുന്ന ഹെലികോപ്റ്റർ നിന്നും വടത്തിലൂടെ ഭൂമിയിലിറങ്ങുന്ന സൈനികർ , ഡിങ്കി ബോട്ടിൽ കടൽ വഴിയും ട്രക്കുകളിൽ കരമാർഗവും എത്തിയ സൈനീകർ കടൽക്കരയിലേക്ക് ഇരച്ചെത്തി. ഒടുവിൽ ശത്രുക്കൾ ഒളിച്ചിരിക്കുന്ന സ്ഥലം നോക്കി ഉന്നം തെറ്റാതെ വെടിവച്ച് എല്ലാവരെയും 'വകവരുത്തി' സ്ഥലം സുരക്ഷിതമെന്ന് ഉറപ്പാക്കി ദൗത്യം പൂർത്തിയാക്കി. എല്ലാ തയ്യാറെടുപ്പുകൾക്ക് ശേഷം ഇന്നലെ രാവിലെ ഏഴോടെയാണ് അടിമലത്തുറ തീരത്തെ പ്രകടനത്തിന് സൈന്യം ഇറങ്ങിയത് കാഴ്ചക്കാരായി എത്തുന്ന പൊതുജനത്തിന്റെ സുരക്ഷക്കായി ബാരിക്കേഡുകൾ തീർത്തിരുന്നു.

ഒരു മണിക്കൂറോളം നീണ്ട പ്രകടനത്തിന് ശേഷം സംഘം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ലക്ഷ്യമാക്കിത്തിരിച്ചു. അവിടെ തുറമുഖ കവാടത്തിലെ കെട്ടിടത്തിനുള്ളിൽ ഒളിച്ചിരിക്കുന്ന ഭീകരരെ തുരത്തുകയാണ് ലക്ഷ്യം. ഹെലികോപ്റ്ററിൽ നിന്ന് വടത്തിന്റെ സഹായത്തോടെ കെട്ടിടത്തിൽ ഇറങ്ങിയ സൈനികർ മണിക്കൂറുകൾക്കുള്ളിൽ ദൗത്യം പൂർത്തിയാക്കിമടങ്ങി. കരസേനയുടെ കരയിലും കടലിലുമായുള്ള പരിശീലന പരിപാടി നാളെ തലസ്ഥാനത്ത് അവസാനിക്കാനിരിക്കെയാണ് ഇന്നലെ വിഴിഞ്ഞത്ത് പ്രകടനം അരങ്ങേറിയത്.

ഇന്ത്യ-ഓസ്ട്രേലിയ സംയുക്ത സൈനികാഭ്യാസമായ ഓസ്ട്രഹിന്ദ് തീരദേശത്ത് നടത്തിയ മോക് ഡ്രിൽ.

പ്രകടനത്തിനായി പങ്കെടുത്ത സംഘത്തിന് കരയിൽ പൊലിസും കടലിൽ തീരസംരക്ഷണ സേനയും തീരദേശ പൊലിസും സുരക്ഷയൊരുക്കി. തീരം കൂടാതെ വന മേഖലകൾ, ദ്വീപുകൾ എന്നിവിടങ്ങളും പരിശീലന വേദികളായിരുന്നു.

ന്യൂസിലൻഡിൽ നിന്നുള്ള നിരീക്ഷക പ്രതിനിധി സംഘവും അഭ്യാസത്തിൽ പങ്കെടുക്കുന്നതായും അറിയുന്നു.

നാളെ വരെ നടക്കുന്ന അഭ്യാസത്തിൽ ഇന്ത്യൻ-ഓസ്ട്രേലിയൻ സൈന്യങ്ങളിൽ നിന്നായി ഏകദേശം 120 പേർ വീതമാണു പങ്കെടുക്കുന്നത്. ഇന്ത്യൻ ആർമിയുടെ ഗർവാൾ റൈഫിൾസിൽ നിന്നുള്ള സൈനികരും മറ്റു സായുധ, വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഇന്ത്യൻ സംഘ ത്തിൽ ഉൾപ്പെടും. വനിതകൾ, ഡോഗ് സ്ക്വാഡ് വിഭാഗങ്ങളുൾപ്പെടെ പങ്കെടുക്കുന്നുണ്ട്.



ബിനോയ് വിശ്വം തുഷാർ ഗാന്ധിയെ ആശുപത്രിയിൽ സന്ദർശിച്ചു

നെയ്യാറ്റിൻകര : നെയ്യാറ്റിൻകര നിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മഹാത്മാഗാന്ധിയുടെ കൊച്ചുമകനും മഹാത്മാഗാന്ധി ഫൗണ്ടേഷൻ സ്ഥാപകനുമായ തുഷാർ ഗാന്ധിയെ സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം സന്ദർശിച്ചു. തുഷാർ ഗാന്ധിയുടെ ആരോഗ്യവിവരങ്ങൾ ചോദിച്ചറിഞ്ഞ അദ്ദേഹം, കുടുംബാംഗങ്ങളോടൊപ്പം ഏറെ നേരം ചെലവഴിച്ച ശേഷമാണ് ആശുപത്രിയിൽ നിന്നും മടങ്ങിയത്. തിരുവനന്തപുരത്ത് ഗാന്ധി സ്മാരക നിധിയുടെ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ തുഷാർ ഗാന്ധിയെ ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതിനെത്തുടർന്ന് നിംസ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

₹11.45 ലക്ഷം മുതൽ BE 6 SPORTEQ
അവതരിപ്പിച്ച് മഹീന്ദ്ര!

രാജ്യത്തെ ഇലക്ട്രിക് വാഹന വിപണിക്ക് പുത്തൻ ഉണർവേകുമെന്ന പ്രതീക്ഷയോടെ പുതിയ BE 6 SPORTEQ മഹീന്ദ്ര വിപണിയിൽ അവതരിപ്പിച്ചു. മഹീന്ദ്ര BE 6 BaaS എക്സ് ഷോറൂം പ്രാരംഭ വില 11.45 ലക്ഷം രൂപയിലാണ് വാഹനം ലഭ്യമാക്കിയിരിക്കുന്നത് (അധിക ബാറ്ററി EMI 6,975). നെക്സ്റ്റ് ജെൻ ഡിസൈനും അത്യാധുനിക സാങ്കേതികവിദ്യയും ഇലക്ട്രിക് കരുത്തും കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുകയാണ് മഹീന്ദ്ര.
മഹീന്ദ്രയുടെ അഡ്വാൻസ്ഡ് INGLO ഇലക്ട്രിക് ഒറിജിൻ ആർക്കിടെക്ചറിൽ നിർമ്മിച്ച BE 6 SPORTEQ പ്രകടനം, സുരക്ഷ, കണക്റ്റിവിറ്റി എന്നിവയിൽ മികച്ച നിലവാരം പുലർത്തുന്നു. ആകർഷകമായ എൽ.ഇ.ഡി. ലൈറ്റിംഗ്, എയറോഡൈനാമിക് ഷേപ്പ്, സ്പോർട്ടി ലുക്ക് എന്നിവ വാഹനത്തിന് വേറിട്ട റോഡ് പ്രസൻസ് നൽകുന്നു. ഡിജിറ്റൽ ഡ്രൈവിംഗ് അനുഭവം നൽകുന്ന ഡ്രൈവർ കേന്ദ്രീകൃതമായ ഹൈടെക് ക്യാബിനാണ് ഉള്ളിലുള്ളത്. ഡാഷ് ബോർഡിലെ പ്രീമിയം ലതറെറ്റ് ഫിനിഷിംഗ്, 16 - സ്പീക്കർ ഹാർമൻ കാർഡൺ ഡോൾബി അറ്റ്മോസ് ഓഡിയോ സിസ്റ്റം, എൻഎഫ്സി ഡിജിറ്റൽ കീ, ഡ്യുവൽ-സോൺ എസി, വയർലെസ് ചാർജിംഗ്, ആറ് എയർബാഗുകൾ, 540-ഡിഗ്രി ക്യാമറ, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ തുടങ്ങിയ മികച്ച സവിശേഷതകളും മോഡലിലുണ്ട്.
ഇൻസ്റ്റന്റ് ടോർക്ക്, സ്മൂത്ത് ആക്സിലറേഷൻ, വിവിധ ഡ്രൈവ് മോഡുകൾ, സിംഗിൾ-പെഡൽ ഡ്രൈവിംഗ് എന്നിവ പ്രധാന സവിശേഷതകളാണ്. 180 kW DC ഫാസ്റ്റ് ചാർജർ ഉപയോഗിച്ച് വെറും 20 മിനിറ്റുകൊണ്ട് ബാറ്ററി 20% മുതൽ 80% വരെ ചാർജ് ചെയ്യാം.
BE 6 SPORTEQ BaaS എക്സ് ഷോറൂം പ്രാരംഭ വില ₹11.45 ലക്ഷം രൂപയും (ബാറ്ററി EMI ₹6,975), BE 6 SPORTEQ Pack TWO മോഡലിന്റെ വില ₹12.49 ലക്ഷം രൂപയുമാണ്.
കൂടുതൽ വിവരങ്ങൾ അറിയുന്നതിനും ബുക്കിംഗിനുമായി അടുത്തുള്ള മഹീന്ദ്ര ഡീലർഷിപ്പുമായി ബന്ധപ്പെടാവുന്നതാണ്.
*T&C apply പരസ്യം

BaaS (Battery-as-a-Service) / Dual Loan is a finance product being offered by respective Financier & is not a Pay-per-Use program. Finance approval is solely at the discretion of the finance partner and is subject to their applicable terms and conditions. Mentioned ownership simulation is for BE 6 SPORTEQ One 59 kWh / assuming vehicle running of 60 km per day with a specific Down Payment and excluding charging, maintenance, and repair costs. BaaS is applicable only for personal use. BaaS price is excluding charger cost and all Govt. statutory levies like road tax, insurance, TCS and other Govt. levies.

CBC MAHINDRA: Trivandrum, Ph: 9633009917, 8089101555
SLEEBA AND SONS AUTOMOTIVE PVT. LTD.: Ph: 7994001000, 7994452043
POPULAR MOTOR CORPORATION: Kollam, Ph: 7593053335

E2610-606521

Bank of Maharashtra
സോണൽ ഓഫീസ്, എറണാകുളം
2-ാം നില, ജി.കെ. ആർക്കേഡ്, പാലാരിവട്ടം ബൈപാസ് ജംഗ്ഷൻ, വെണ്ണല പി.ഒ, എറണാകുളം-682028, ഫോൺ: 0484-4858739.
ഇ-മെയിൽ: legal_ern@bankofmaharashtra.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്
[2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമത്തിൻ കീഴിൽ ചട്ടം 8(6) പ്രകാരമുള്ള നോട്ടീസ്]

ഇ-ലേലത്തിന്റെ തീയതി: 18.11.2026 രാവിലെ 11.00 നും ഉച്ചയ്ക്ക് 2.00 നും മദ്ധ്യേ
ലേലം അവസാനിപ്പിക്കുന്നതിന് 5 മിനിട്ട് മുൻപ് ലേല വർദ്ധനവുണ്ടെങ്കിൽ 5 മിനിട്ട് ആട്ടോ നീട്ടൽ

രേഖകൾ സഹിതം നിരതദ്രവ്യം സമർപ്പിക്കുന്നതിനുള്ള അവസാന സമയം: 18.11.2026 രാവിലെ 10.00 മണി വരെ

വസ്തുവകകളുടെ പരിശോധന: 31-10-2026 മുതൽ 17.11.2026 വരെ മുൻകൂർ അനുമതിയോടെ രാവിലെ 11.00 നും വൈകുന്നേരം 4.00 മണിക്കും ഇടയിൽ

കൂടുതൽ വിവരങ്ങൾക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഫോൺ: 8189960222, ലോ ആഫീസർ: 9952972858

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ പ്രൊവിസോ 8 (6) പ്രകാരമുള്ള സ്ഥാവര വസ്തുവിന്റെ ഇ-ലേല വിൽപ്പന നോട്ടീസ്.
ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാർ കുടിശ്ശിക തുക തിരിച്ചടയ്ക്കാത്തതിനാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാരിൽനിന്നും ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചെലവുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **'ഇപ്പോൾ എവിടെയാണോ' 'എങ്ങനെയാണോ' 'എതൊക്കെയാണോ'** എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനി ച്ചിരിക്കുന്നു. വായ്പക്കാർ/ജാമ്യക്കാരുടെ വിശദ വിവരം, കുടിശ്ശിക തുക, സ്ഥാവരവസ്തുവിന്റെ സംക്ഷിപ്ത വിവരണം, നിലവിലെ ബാധ്യത, കൈവശപ്പെടുത്തിയ രീതി, കരുതൽ വില, നിരതദ്രവ്യം എന്നിവ ചുവടെ ചേർക്കുന്നു.

1. ശാഖ: കോഴിക്കോട്: വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1). ശ്രീമതി ആശാമണി. വി, W/o ലതീഷ്. പി.കെ, വിളയിൽ ഹൗസ്, എലത്തൂർ, ചെട്ടിക്കുളം, കോഴിക്കോട്-673303 കൂടാതെ പാലത്തുകണ്ടി ഹൗസ്, ജാവരകണ്ടി പറമ്പ്, കണ്ണാടിക്കൽ, വേങ്ങേരി. പി.ഒ., കോഴിക്കോട്-673010, കൂടാതെ ചീഫ് അക്കൗണ്ടന്റ്, എലൈറ്റ് എക്സ്ട്രൂഷൻ എൽ.എൽ.സി., പി.ഒ. ബോക്സ് നം. 86025,, റാസൽ ഖൈമ, യു.എ.ഇ, (2). ശ്രീ. ലതീഷ്. പി.കെ, വിളയിൽ ഹൗസ്, എലത്തൂർ, ചെട്ടിക്കുളം, കോഴിക്കോട്-673303, കൂടാതെ പാലത്തുകണ്ടി ഹൗസ്, ജാവരകണ്ടി പറമ്പ്, കണ്ണാടിക്കൽ, വേങ്ങേരി. പി.ഒ., കോഴിക്കോട്-673010
കുടിശ്ശിക തുക: രൂപ 34,09,105/- (മുപ്പത്തിനാല് ലക്ഷത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റിഅഞ്ച് രൂപ) യും 19-02-2024 മുതലുള്ള പലിശയും മറ്റു ചെലവുകളും [കുടിശ്ശിക രൂപ 32,65,438/- + 1,43,319/- പലിശയും + പിഴ പലിശ രൂപ 171 + മറ്റ് ചെലവുകൾ രൂപ 177/-]
സ്ഥാവര വസ്തുവിന്റെ വിശദ വിവരണം നിലവിലെ ബാധ്യത ഉൾപ്പെടെ: തിരുവനന്തപുരം ജില്ലയിൽ, കാട്ടാക്കട താലൂക്കിൽ, മലയിൻകീഴ് വില്ലേജിൽ, ബ്ലോക്ക് നം. 7, റീ സർവേ നം. 5/5-3-1 ൽ പ്പെട്ട 2.02 ആർ സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും മറ്റു സകലവിധ അവകാശങ്ങളും. അതിരുകൾ: വടക്ക്: സ്വകാര്യ നടപ്പാത; തെക്ക്: സരോജിനി അമ്മ, ലാലി എന്നിവർ വക വസ്തു; കിഴക്ക്: ശാലിനി വക വസ്തു (2794/17 നം. ആധാര പ്രകാരം വാസൻ വക വസ്തു); പടിഞ്ഞാറ്: പ്രതാപചന്ദ്രൻ വക വസ്തു. നിലവിലെ ബാധ്യത: ഇല്ല.
കരുതൽവില: രൂപ 29,00,000/- | നിരതദ്രവ്യം: രൂപ 2,90,000/- | ലേല വർദ്ധന തുക: രൂപ 10,000/-

2. ശാഖ: തിരുവനന്തപുരം: വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. മുഹമ്മദ് ഷാബിൽ.യു, S/o നസീർ പി.കെ, കുബ്ര ടവർ, ഫ്ളാറ്റ് നമ്പർ: 1306, അൽ നഹ്ദ, ഷാർജ, യു.എ.ഇ, കൂടാതെ നരയംപാറ, ഉളിയിൽ പി.ഒ, മട്ടന്നൂർ വഴി, ചാവശ്ശേരി, കണ്ണൂർ-670702, ജാമ്യക്കാരിയായ ശ്രീമതി. റംഷീന. ടി.ആർ, W/o ശ്രീ. മുഹമ്മദ് ഷാബിൽ.യു, ബൈത്തുൽഷാ, നരയംപാറ, ഉളിയിൽ പി.ഒ, മട്ടന്നൂർ വഴി, ചാവശ്ശേരി, കണ്ണൂർ-670702.
കുടിശ്ശിക തുക: രൂപ 1,02,07,064/- യും 13-07-2023 മുതലുള്ള പലിശയും മറ്റു ചിലവുകളും [രൂപ 99,43,551/- ആകെ കുടിശ്ശിക + രൂപ 2,63,336/- മൊത്തം പലിശയും + രൂപ 177/- കുടിശ്ശികയും ഡിസ്ചാർജ് ഫീസും]
സ്ഥാവര വസ്തുവിന്റെ വിശദ വിവരണം നിലവിലെ ബാധ്യത ഉൾപ്പെടെ: തിരുവനന്തപുരം ജില്ലയിൽ, കന്യാകുളങ്ങര ഉപജില്ലയിൽ, നെടുമങ്ങാട് താലൂക്കിൽ, മാണിക്കൽ പഞ്ചായത്തിൽ, മാണിക്കൽ വില്ലേജിൽ, തണ്ടപ്പേർ നം. 13525, ബ്ലോക്ക് നം. 29, പഴയ സർവേ നം. 1110/2, 1111/2 & 1109/2, റീ സർവേ നം. 438/4-3 (02.03 ആർ) 81/2 & 81/3 ൽ പ്പെട്ട ശ്രീ. മുഹമ്മദ് ഷാബിൽ യു എന്നയാളുടെ പേരിലുള്ള 21.85 ആർ (53.97 സെന്റ്) സ്ഥലവും കെട്ടിടവും മറ്റു സകലവിധ അവകാശങ്ങളും. ലൊക്കേഷൻ സ്കെച്ച് പ്രകാരം അതിരുകൾ: വടക്ക്: കാർത്തികേയൻ വക വസ്തു; തെക്ക്: രവീന്ദ്രൻ & വിജയൻകുമാർ വക വസ്തു; കിഴക്ക്: സരസമ്മ വക വസ്തു; പടിഞ്ഞാറ്: റോഡ് & വിജയകുമാർ വക വസ്തു. നിലവിലെ ബാധ്യത: ഇല്ല.
കരുതൽവില: രൂപ 1,20,00,000/- | നിരതദ്രവ്യം: രൂപ 12,00,000/- | ലേല വർദ്ധന തുക: രൂപ 1,00,000/-

3. ശാഖ: തിരുവനന്തപുരം: വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1) ശ്രീ. ജയൻ ബാബു, S/o ശ്രീ.ബാബു, TC 10/1665-1, കൃഷ്ണ, മണ്ണാൻതല, നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം-695015 (2) ശ്രീമതി. ബിന്ദു തമ്പാൻ, W/o ശ്രീ.ജയൻ ബാബു, TC 10/1665-1, കൃഷ്ണ, ഹാർമണി ഗാർഡൻസ്, CKRA -51, മണ്ണാൻതല, നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം-695015, (3) മിസ്. കീർത്തന ജയൻ, D/o ശ്രീ.ജയൻ ബാബു, TC 10/1665-1, കൃഷ്ണ, ഹാർമണി ഗാർഡൻസ്, CKRA -51, മണ്ണാൻതല, നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം-695015
കുടിശ്ശിക തുക: രൂപ 13,90,641.88 (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി അറുന്നൂറ്റി നാൽപ്പത്തിയൊന്ന് രൂപ എൺപത്തിയെട്ട് പൈസ) യും കൂടാതെ 15.04.2024 മുതൽ നിലവിലുള്ള പലിശ നിരക്കും മറ്റ് നിരക്കുകളും (ബാക്കി കുടിശ്ശിക തുക രൂപ 13,67,986.88/- + കൂട്ടു പലിശ രൂപ 22,398/- + പിഴ പലിശ രൂപ 80/- + ഡിസ്ചാർജ് രൂപ 177/-), രൂപ 26,50,453.11 (ഇരുപത്തിയാറ് ലക്ഷത്തി അൻപതിനായിരത്തി നാനൂറ്റി അൻപത്തിമൂന്ന് രൂപ പതിനൊന്ന് പൈസ) യും കൂടാതെ 15.04.2024 മുതൽ നിലവിലുള്ള പലിശ നിരക്കും മറ്റ് നിരക്കുകളും (ബാക്കി കുടിശ്ശിക തുക രൂപ 25,76,849.11 + കൂട്ടു പലിശ രൂപ 73,231/- + പിഴ പലിശ രൂപ 96/- + ഡിസ്ചാർജ് രൂപ 177/-), രൂപ 12,65,309.69 (പന്ത്രണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി ഒൻപത് രൂപ അറുപത്തിയൊൻപത് പൈസ) യും കൂടാതെ 15.04.2024 മുതൽ നിലവിലുള്ള പലിശ നിരക്കും മറ്റ് നിരക്കുകളും (ബാക്കി കുടിശ്ശിക തുക രൂപ 12,40,956.69 + കൂട്ടു പലിശ രൂപ 24,099/ + പിഴ പലിശ രൂപ 77/- + ഡിസ്ചാർജ് രൂപ 177/-) ആകെ രൂപ 53,06,404.68 (അൻപത്തിമൂന്ന് ലക്ഷത്തി ആറായിരത്തി നാനൂറ്റിനാല് രൂപ അറുപത്തിയെട്ട് പൈസ) യും കൂടാതെ 15.04.2024 മുതൽ നിലവിലുള്ള പലിശ നിരക്കും മറ്റ് നിരക്കുകളും.
സ്ഥാവര വസ്തുവിന്റെ വിശദ വിവരണം നിലവിലെ ബാധ്യത ഉൾപ്പെടെ: തിരുവനന്തപുരം ജില്ലയിൽ, പട്ടം ഉപജില്ലയിൽ, ഉള്ളൂർ വില്ലേജിൽ, റീ സർവേ നം.175/25-1, ബ്ലോക്ക് നം.21 ൽ പ്പെട്ട മിസ്.കീർത്തന ജയന്റെ പേരിലുള്ള 01.91 ആർസ് (04.71 സെന്റ്) സ്ഥലവും അതിലിരിപ്പ് കെട്ടിടവും സ്ഥാവര വസ്തുക്കളും മറ്റു സകലവിധ അവകാശങ്ങളും. അതിരുകൾ (ലൊക്കേഷൻ സ്കെച്ച് പ്രകാരം): കിഴക്ക്: മോഹൻ വക വസ്തു; തെക്ക്: സ്വകാര്യ റോഡ്; പടിഞ്ഞാറ്: സാമുവൽ വക വസ്തു; വടക്ക്: അനിൽ വക വസ്തു. നിലവിലെ ബാധ്യത: ഇല്ല.
കരുതൽവില: രൂപ 75,00,000/- | നിരതദ്രവ്യം: രൂപ 7,50,000/- | ലേല വർദ്ധന തുക: രൂപ 50,000/-

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ "https://bankofmaharashtra.in/asset-for-sales-search" എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. (https:ebkray.in). എന്ന പോർട്ടലിലും ലഭ്യമാണ്.

തീയതി: 30-10-2026
സ്ഥലം: എറണാകുളം.
(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്കുവേണ്ടി

E2610-606558